പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

02.07.2015-ൽ മറുപടിക്ക്

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1481**

## വികേന്ദ്രീകൃത ഉറവിട മാലിന്യസംസ്കരണം

**ചോദ്യം**

1. ശ്രീ. പി.എ. മാധവൻ
2. ഐ.സി. ബാലകൃഷ്ണൻ
3. എ.റ്റി. ജോർജ്ജ്.
4. ഷാഫി പറമ്പിൽ

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | നഗരങ്ങളിലെ വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്ക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) | ഉണ്ട്. മാലിന്യങ്ങൾ അവ ഉൽപാദിപ്പിക്കുന്നിടത്തു തന്നെ നിർമ്മാർജ്ജനം ചെയ്യുക, പൊതു മാലിന്യ സംസ്ക്കരണ കേന്ദ്രങ്ങളിലേയ്ക്കെത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുക. മാലിന്യം ഉൽപാദിപ്പിക്കുന്നവർ തന്നെ അവ നിർമ്മാർജ്ജനം ചെയ്യണം എന്ന അവബോധം സൃഷ്ടിക്കുക എന്നിവയാണ് മുഖ്യ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (ബി) | പദ്ധതി നിർവ്വഹണത്തിന് സഹകരിക്കുന്നവർ ആരെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും സർക്കാരും ശുചിത്വമിഷനും സഹകരിച്ചാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (സി) | പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രോജക്ടുകൾ തയ്യാറാക്കുന്നു. ആയതിന് ശുചിത്വമിഷൻ പരിശോധിച്ച് സാങ്കേതികാനുമതിയും അർഹമായ സർ ക്കാർ വിഹിതവും നൽകി വരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനം ചുമതലപ്പെടുത്തുന്ന നിർവഹണ ഉദ്യോഗസ്ഥൻ അക്രഡിറ്റഡ് ഏജൻസി വഴിയോ അംഗീകൃത സേവന ദാതാക്കൾ വഴിയോ ക്രമപ്രകാരം നിർവഹണം നടത്തുന്നു. |

സെക്ഷൻ ഓഫീസർ